4237
08/11/12.

61

**കേരള സർക്കാർ**

## സംഗ്രഹം

പത്രപ്രവർത്തക പെൻഷൻ - 28/10/08ൽ കൂടിയ പെൻഷൻ മാനേജിംഗ് കമ്മിറ്റി യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ അനുവദിച്ച് / നിലവിലുള്ള പെൻഷൻ തുക വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിവര - പൊതുജന സമ്പർക്ക (സി) വകുപ്പ്**

**സ.ഉ. (സാ) നം.310/08/വി.പൊ.സ.വ.** **തിയതി, തിരുവനന്തപുരം, 30/12/2008.**

---

പരാമർശം: 1. സ.ഉ. (പി) നം. 7/93/പി.ആർ. തീയതി, 16/08/1993.

**ഉത്തരവ്**

പരാമർശ ഉത്തരവ് പ്രകാരം നിലവിലുള്ള പത്രപ്രവർത്തക പെൻഷൻ പദ്ധതി പ്രകാരം പത്രപ്രവർത്തക പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ലഭിച്ച അപേക്ഷകൾ 28/10/08ൽ കൂടിയ പെൻഷൻ മാനേജിംഗ് കമ്മിറ്റി പരിശോധിക്കുകയുണ്ടായി. കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെപറയും പ്രകാരം പെൻഷൻ അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

1. പെൻഷൻ അനുവദിക്കപ്പെട്ടവർ

| | പേര്, വിലാസം | പത്രസ്ഥാപനം | പെൻഷൻ അനുവദിച്ച് തുടങ്ങുന്ന മാസം |
|---|---|---|---|
| 1. | ശ്രീ.കെ.എ.ഫ്രാൻസിസ്<br>കാരാത്ര, തെരേസ ഭവൻ,<br>ഐശ്വര്യ ഗാർഡൻസ്,<br>പുത്തനങ്ങാടി, കോട്ടയം. | മലയാള മനോരമ | 1/06 മുതൽ |
| 2. | ശ്രീ.യു.കെ.കുമാരൻ<br>ഗീതം,<br>ബി.ജി.റോഡ്,<br>കോഴിക്കോട് 673 011. | കേരള കൗമുദി | 6/08 മുതൽ |
| 3. | ശ്രീ.എൻ. മധുസൂദനൻ നായർ,<br>രാധ ശ്രീ, കണ്ടല പി.ഒ.,<br>തിരുവനന്തപുരം. | മാതൃഭൂമി | 6/08 മുതൽ |
| 4. | ശ്രീ.ശശികുമാർ,<br>പാണ്ടനാട്,<br>തുണ്ടത്തിൽ,<br>കൃഷ്ണ കൃപ, മലയാള നഗർ-55,<br>ഗോപാല ശ്ശേരി, അയത്തിൽ,<br>കൊല്ലം | രാഷ്ട്ര ദീപിക | 3/08 മുതൽ |

.........2

| | പേര്, വിലാസം | പത്രസ്ഥാപനം | പെൻഷൻ അനുവദിച്ച് തുടങ്ങുന്ന മാസം |
|---|---|---|---|
| 5.. | ശ്രീ.എം.എം.ചാണ്ടി, മുണ്ടാട്ട് വീട്, തിടനാട് പി.ഒ. കോട്ടയം | രാഷ്ട്ര ദീപിക | 2/06 മുതൽ |
| 6. | ശ്രീ.ആന്റണി ജയൻ, സീ വ്യൂ ഹൗസ് വലിയ തുറ, തിരുവനന്തപുരം | കേരള ടൈംസ് | 1/07 മുതൽ (ഒരുവർഷത്തെ അംശാദായ കുടിശ്ശിക അടയ്ക്കുന്ന മുറയ്ക്ക്) |
| 7. | ശ്രീ.കെ.കെ.ജോസഫ് ഫിലാഡെൽഫിയ ഹൗസ്, വെണ്ണല പി.ഒ. കൊച്ചി -28 | ന്യൂ ഇന്ത്യൻ എക്സ്പ്രസ് | 1/08 മുതൽ |

2. പത്രപ്രവർത്തക പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കെ 23.05.2007 -ൽ മരണമടഞ്ഞ ശ്രീ.ജയിംസ് തോമസിന്റെ വിധവയായ ശ്രീമതി.ഉഷമ്മ ജയിംസിന് 6/07 മുതൽ പ്രതിമാസം 700/- രൂപ നിരക്കിൽ ആശ്രിത പെൻഷൻ അനുവദിക്കാനും തീരുമാനിച്ച് ഉത്തരവാകുന്നു.

3. വീക്ഷണം പത്രത്തിലെ ലേഖകനായിരുന്ന ശ്രീ.വടയാർ ശശികുമാറിന് പ്രത്യേക കേസായി പരിഗണിച്ച് , 1995 ജൂൺ മുതൽ, പെൻഷൻ പദ്ധതിയിലേക്ക് അംഗത്വം പുനഃസ്ഥാപിക്കുന്നതിനായി അപേക്ഷ സമർപ്പിച്ച 8/08 വരെ പ്രതിമാസം 100/- രൂപ നിരക്കിൽ അംശാദായം അടച്ച് പദ്ധതിയിൽ അംഗത്വം നൽകാൻ തീരുമാനിച്ചു. തുക 3 ഗഡുക്കളായി അടയ്ക്കാനും, ഇതിലേക്ക് പരമാവധി ഒരു വർഷം കാലാവധി അനുവദിക്കാനും തീരുമാനിച്ചു.

........

4. എറണാകുളം ജില്ലയിൽ പത്രപ്രവർത്തകപെൻഷൻ പദ്ധതിയിൽ അംഗത്വം ഉള്ള ശ്രീ.എം.എം.ലാസർ, ശ്രീ.രവീന്ദ്രദാസ് എന്നിവർക്ക് പെൻഷൻ പാസ് ബുക്ക് നഷ്ടപ്പെട്ടതിനാൽ അംശാദായം അടയ്ക്കാൻ അനുമതി നൽകുന്നതിന് എറണാ കുളം ഡി.ഡിക്ക് നിർദ്ദേശം നൽകാൻ തീരുമാനിച്ചു.

5. വാർത്താധിഷ്ഠിത ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ ജോലി ചെയ്യുന്ന ജേർണലിസ്റ്റു വിഭാഗത്തിലുള്ളവർക്ക് അവർ വേജ് ബോർഡ് ശുപാർശ നടപ്പാക്കിയ മാധ്യമ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരും, പ്രോവിഡന്റ് പദ്ധതിയിൽ അംഗത്വമുള്ളവരും, സ്ഥിരം വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുമാണെങ്കിൽ പെൻഷൻ പദ്ധതിയിൽ അംഗത്വം നൽകാൻ തീരുമാനിച്ചു.

6. ദേശീയതലത്തിൽ ന്യൂസ് ചാനൽ എന്ന നിലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മലയാളം ഭാഷാചാനലുകളിലെ ജേർണലിസ്റ്റ് കാറ്റഗറിയുലുള്ളവർക്ക് പത്രപ്രവർത്തക പെൻഷൻ പദ്ധതിയിൽ അംഗത്വം നൽകാൻ തീരുമാനിച്ചു.

7. അടുത്ത സാമ്പത്തിക വർഷം മുതൽ (4/09) വർക്കിംഗ് ജേർണ്ണലിസ്റ്റ് പെൻഷൻ പ്രതിമാസം 2500/- രൂപയായും പ്രമുഖ പത്രപ്രവർത്തകപെൻഷൻ 2000/- രൂപയായും അവശ പത്ര പ്രവർത്തക പെൻഷൻ 1000 രൂപയായും വർദ്ധിപ്പിച്ചും അംശാദായം പ്രതിമാസം150 രൂപയായി വർദ്ധിപ്പിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

........4

ഇതിലേക്ക് ആവശ്യമായ തുക `2220-60-800-91- കേരള സംസ്ഥാന പത്ര പ്രവർത്തക പെൻഷൻ സ്കീം` , 2220-60-800-89- പ്രഗത്ഭ പത്ര പ്രവർത്തകർക്ക് ക്ഷേമപദ്ധതി ,` 2220-60-800-97- പത്ര പ്രവർത്തകർക്കുള്ള ക്ഷേമനിധി -അവശ പത്ര പ്രവർത്തക പെൻഷൻ` എന്നീ ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതുമാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**ഷീലാതോമസ്**
**ഗവൺമെന്റ് സെക്രട്ടറി**

1. എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും.
2. എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
3. എല്ലാ വ്യക്തികൾക്കും
4. ജനറൽ സെക്രട്ടറി, കേരളാ പത്രപ്രവർത്തക യൂണിയൻ,
5. ധനകാര്യ വകുപ്പ് / തൊഴിൽ വകുപ്പ്.
6. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) / (എ& ഇ), കേരള, തിരുവനന്തപുരം.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

31.